(ബി) മയക്കുമരുന്ന് കേസുകളിൽ പെട്ടെന്ന് തീരുമാനമുണ്ടാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) മയക്കുമരുന്ന് കേസുകൾ കേൾക്കുന്നതിന് ഫാസ്റ്റ്ട്രാക്ക് കോടതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ ആന്റ് ബി) ഇത്തരം കേസുകളിൽ പൊതുവായി വേഗത്തിലുള്ള നടപടികളാണ് സ്വീകരിക്കാറുള്ളത്.

എല്ലാ പ്രിൻസിപ്പൽ ജില്ലാ കോടതികളും 21 അഡീഷണൽ ജില്ലാ കോടതികളും മയക്കുമരുന്ന് കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്പെഷ്യൽ കോടതികളായി നോട്ടിഫൈ ചോയ്തിട്ടുണ്ട്. കൂടാതെ തൊടുപുഴയിലും കോഴിക്കോട്ടും മയക്കുമരുന്ന് കേസ് കൈകാര്യം ചെയ്യുന്നതിനായി സ്പെഷ്യൽ കോടതികൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) പരിഗണനയിൽ ഇല്ല.

നഷ്ടപ്പെട്ട മയക്കുമരുന്ന് കേസ് ഡയറികൾ

67 [72] ശ്രീ. കെ. അച്ചുതൻ:
" വി. ഡി. സതീശൻ:
" എം. മുരളി:
" ജോർജ് ജെ. മാത്യു:
" എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരവുമായി ബന്ധപ്പെട്ട എത്ര കേസ് ഡയറികൾ ഇക്കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നഷ്ടപ്പെട്ടിട്ടുണ്ട്;

(ബി) ഇവയുടെ കസ്റ്റഡി ആർക്കാണ് എന്ന് അറിയിക്കാമോ;

(സി) ഈ ഡയറികൾ നഷ്ടപ്പെടുവാനുള്ള സാഹചര്യമെന്താണ്;

(ഡി) ഇതുമൂലം ബന്ധപ്പെട്ട കേസുകൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ വന്നിട്ടുണ്ടോ;

(ഇ) മയക്കുമരുന്ന് കേസുകളുമായി ബന്ധപ്പെട്ട കേസ് ഡയറികൾ നഷ്ടപ്പെടാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലെടുത്തിരുന്നു;

(എഫ്) കേസ് ഡയറി നഷ്ടപ്പെട്ട കേസുകളുടെ തുടർനടപടികൾക്ക് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന തലസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരവുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ കേസ് ഡയറികൾ നഷ്ടപ്പെട്ടിട്ടില്ല.

(ബി) കേസ് ചാർജ്ജ് ചെയ്യുന്നതുവരെ അന്വേഷണ ഉദ്യോഗസ്ഥനും അതിനുശേഷം അതാത് സ്റ്റേഷനുകളിലുമാണ് സൂക്ഷിക്കുന്നത്.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) കേസ് ഡയറികൾ സുരക്ഷിതമായി പോലീസ് ബന്തവസ്സിൽത്തന്നെ സൂക്ഷിച്ചുവരുന്നു.

(എഫ്) ഉത്തരം 'എ' കണ്ടാലും.

സംസ്ഥാനത്തെ മയക്കുമരുന്നുപയോഗം

68 [73] ശ്രീ. ലൂഡി ലൂയിസ്:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. പി. ജെ. ജോയി:

,, കെ. സുധാകരൻ:

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നുപയോഗിച്ചതിന്റെ ഫലമായി ഈ വർഷം എത്ര മരണമുണ്ടായി;

(ബി) സംസ്ഥാനത്ത് മയക്കുമരുന്നു വിൽപ്പന കൂടിവരികയാണോ എന്ന് വ്യക്തമാക്കുമോ;

(സി) മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുവാനുള്ള സെല്ലിൽ ഓരോ ജില്ലയിലും എത്ര പേർ വീതമുണ്ട്;

(ഡി) ഈ സെല്ലിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10 പേർ മരണപ്പെട്ടു.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly